





**മാധ്യമപ്രവർത്തനം പൂർണ്ണമായും മിഥ്യകളുടെ ഘോഷയാത്ര യായി മാറിയിട്ടില്ലെന്ന ധാരണയെ തെറ്റിക്കുന്നതായിരുന്നു കെ.കരുണാകരന്റെ മരണവുമായി ബന്ധപ്പെട്ട അച്ചടി–ദൃശ്യ മാധ്യമങ്ങളുടെ ഉള്ളടക്കം. മരിച്ചുപോയവരെപ്പറ്റി ദോഷം പറയ രുതെന്ന നാട്ടുനടപ്പിനെ മാനിക്കുമ്പോഴും രാഷ്ട്രീയ സൂര്യന് നിളയിൽ നിത്യശാന്തിയെന്നെല്ലാം വായിക്കുമ്പോൾ അനുഭവപ്പെടുന്ന ചെടിപ്പ് ചെറുതല്ലെന്ന് നിരീക്ഷിക്കുന്നു**


**കെ.പി. സേതുനാഥ്**

# സുകൃതക്ഷയത്തിന്റെ ലക്ഷണമൊത്ത പ്രതിനിധി

1962 ലാണെന്നു തോന്നുന്നു, കരുണാകരനെ ഞാൻ ആദ്യമായി കാണുന്നത്. ഡെൽഹിയിൽ വച്ചായിരുന്നു അത്. നല്ല തണുപ്പുള്ള ഒരു ദിവസം. നേരം ഉച്ചയായിട്ടില്ല. ഞാനന്ന് കേരളകൗമുദിയുടെ ഡെൽഹി ലേഖക നാണ്. കെ.പി.സി.സി പ്രസിഡണ്ട് സി.കെ. ഗോവിന്ദൻ നായരും മാതൃഭൂമിയുടെ പ്രതിനിധി വി.കെ. മാധവൻകുട്ടിയും ഞാനുമൊരുമിച്ച് ഐ.ഇ.എൻ.എസ്സ് ബിൽഡിംഗിലെ (പ്രധാനപത്രങ്ങളുടെയെല്ലാം ഡെൽഹി ഓഫീസുകൾ സ്ഥിതി ചെയ്യുന്ന കെട്ടിടം) ഗസ്റ്റ് റൂമിൽ തീയും കാഞ്ഞിരിക്കുന്നു. നല്ല തണുപ്പുള്ളപ്പോൾ തീ കാഞ്ഞിരിക്കുന്നത് സുഖമാണ്. പെട്ടെന്നു വാതിൽ തള്ളിതുറന്ന് ഒരാൾ മുറിയിലേക്കു കടന്നു വന്നു. ഖദർ വേഷധാരിയായ സുന്ദരൻ! പൊന്നിന്റെ നിറം! തണുപ്പുകൊണ്ട് അദ്ദേഹം ലേശം വിറയ്ക്കുന്നുണ്ടായിരുന്നു. അത് കരുണാകരനായിരുന്നു. സി.കെ. അദ്ദേഹത്തെ എനിക്കു പരിചയപ്പെടുത്തി. അവരെ സംസാരിക്കാൻ വിട്ടിട്ട് ലഞ്ചിനു കാണാമെന്നു പറഞ്ഞ് ഞാനും മാധവൻകുട്ടിയും പുറത്തിറങ്ങി. സമയം ഉച്ചക്കു ഒന്നേകാൽ മണി. ഐ.ഇ.എൻ.എസിലെ ലിഫ്റ്റിറങ്ങി സി.കെ. റിസപ്ഷൻ ഹാളിലേക്കു വരുന്നു. കൈയിൽ വടിയുണ്ട്. കമ്പിളി സ്വെറ്റർ ധരിച്ചിരിക്കുന്നു. തോളത്ത് പതിവുള്ള ഷാളില്ല. പിന്നിൽ സി.കെ. യുടെ ബ്രീഫ് കേസ്സുമായി ശ്രീ. കരുണാകരനും. മാധവൻകുട്ടി പോയി അദ്ദേഹത്തിന്റെ കാറെടുത്തു കൊണ്ടു വന്നു. കാർ ഐ.ഇ.എൻ.എസ്സിന്റെ പോർടിക്കോയിൽ നിറുത്തി. മുൻവശത്തെ ഡോർ തുറന്ന് സി.കെ. അകത്തു കയറി. കരുണാകരന്റെ കൈയിൽ നിന്നും ബ്രീഫ് കേസ് അദ്ദേഹം വാങ്ങി. ഞാൻ പിന്നിലെ സീറ്റിൽ ഇരിപ്പുറപ്പിച്ചു. കരുണാകരനോട് പിന്നീട് കാണാമെന്നു പറഞ്ഞിട്ട്, മാധവൻ കുട്ടിയോട് കാറുവിടാൻ സി.കെ. കൈകൊണ്ട് ആംഗ്യം കാണിച്ചു. ഞങ്ങൾ ഉച്ച ഭക്ഷണത്തിനായി കൊണാട്ട് പ്ലേസിലെ പ്രസിദ്ധമായ തിവോളി റസ്റ്റാറന്റിലേക്കാണ് കാറോടിച്ചു പോയത്. കരുണാകരൻ രാജ്യസഭാ സീറ്റിനു വേണ്ടിയാണ് അന്നു ഡെൽഹിയിൽ വന്നതെന്നു പിന്നീടു ഞാൻ മനസ്സിലാക്കി. അന്നുമുതൽ കരുണാകര



**നേതാവിനോടുള്ള വിധേയത്വം മാത്രം രാഷ്ട്രീയയോഗ്യതയായി മാറിയപ്പോൾ കൂട്ടായ ചർച്ചക ളെന്ന നാട്യംപോലും കോൺഗ്രസ്സി ൽ നിന്നും അപ്രത്യക്ഷമായി. ദേശീ യതലത്തിൽ ഇന്ദിരാഗാന്ധിയാണ് ഈയൊരു മാറ്റത്തിന്റെ ചിഹ്നം. കേരളത്തിൽ അത് കരുണാകരനായിരുന്നു.**



നെ എനിക്കറിയാം. അദ്ദേഹത്തിനു നന്നായി ചിരിക്കാൻ കഴിയും. (എം. എസ്സ്. മണി- കാട്ടുകള്ളന്മാർ - പേജ് 274-275).

**അമേരിക്കൻ** പ്രസിഡണ്ടാ യിരുന്ന റൊണാൾഡ് റീഗന് തന്നെപ്പറ്റി സ്വയം കൽപിച്ചു ണ്ടാക്കിയ കഥകളും, യാഥാർ ത്ഥ്യവും തമ്മിൽ വേർതിരിക്കാനു ള്ള ശേഷിയില്ലായിരുന്നുവെന്നു പ്രശസ്ത പത്രപ്രവർത്തകനായ അലക്സാണ്ടർ കൊബോൺ എഴു തിയിട്ടുണ്ട്. ഓഷ്വിറ്റ്സിനെ നാസി കളിൽ നിന്നും മോചിപ്പിച്ചതിൽ തന്റെ പങ്കാളിത്തവും, അവിടെ നിന്നുള്ള ഞെട്ടിക്കുന്ന ദൃശ്യങ്ങൾ ഹോളിവുഡിന് കൈമാറിയതുമാ ണ് റെയ്ഗൻ ഫാന്റസിയിലെ പ്രധാ നമായ ഒരിനമെന്ന് കോബോൺ ചൂണ്ടിക്കാണിക്കുന്നു. അമേരിക്ക യിലെ ഔദ്യോഗിക സന്ദർശനവേള യിൽ, ഇസ്രായേൽ പ്രധാനമന്ത്രി യിഷ്താക് ഷമീറിനോടു പോലും റെയ്ഗൻ ഇതു പറഞ്ഞിരുന്നു.(1) തന്നെപ്പറ്റിയുള്ള കഥകളിൽ കെ.കരുണാകരൻ സ്വയം എത്ര വിശ്വസിച്ചിരുന്നുവെന്ന് നിശ്ചയമില്ല. പക്ഷെ അതല്ല കേരളത്തിലെ മുഖ്യ ധാരാ മാധ്യമങ്ങളുടെ സ്ഥിതി. മിഥ്യയും, യാഥാർത്ഥ്യവും തമ്മിൽ വേർതിരിക്കാനാവാത്ത ഒരു ആഖ്യാനരീതി വർത്തമാന കാലത്തെ മാധ്യമപ്രവർത്തനത്തി ന്റെ മുഖമുദ്രയാണ്. എങ്കിലും, മാ ധ്യമപ്രവർത്തനം പൂർണ്ണമായും മി ഥ്യകളുടെ ഘോഷയാത്രയായി മാ റിയിട്ടില്ലെന്ന ധാരണയെ തെറ്റിക്കു ന്നതായിരുന്നു കെ.കരുണാകരന്റെ മരണവുമായി ബന്ധപ്പെട്ട അച്ച ടി-ദൃശ്യ മാധ്യമങ്ങളുടെ ഉള്ളടക്കം. പ്രാസമൊത്ത തലക്കെട്ടുകളും, സ് തുതിഗീതങ്ങളും, ഗദ്ഗദകണ്ഠരാ യ ടെലിവിഷൻ വാർത്താവതാരക രും ചേർന്നൊരുക്കിയ മാധ്യമ മെ ലോഡ്രാമയുടെ അസഹനീയത അത്രയെളുപ്പം മാഞ്ഞുപോവുന്നത ല്ല. മരിച്ചുപോയവരെപ്പറ്റി ദോഷം പറയരുതെന്ന നാട്ടുനടപ്പിനെ മാനി ക്കുമ്പോഴും രാഷ്ട്രീയ സൂര്യന് നിള യിൽ നിത്യശാന്തിയെന്നെല്ലാം വായിക്കുമ്പോൾ അനുഭവപ്പെടുന്ന ചെടിപ്പും ചെറുതല്ല. കേരളത്തിലെ രാഷ്ട്രീയമണ്ഡലത്തിൽ കരുണാകര ന്റെ ലെഗസി എന്താണെന്നുള്ള ദീർഘമായ വിലയുത്തലല്ല ഇത്. കേരളത്തിലെ മാത്രമല്ല, ഇൻഡ്യയി ലെ തന്നെ രാഷ്ട്രീയരംഗത്തു സംഭ വിച്ച, പഴയഭാഷയിൽ പറഞ്ഞാൽ, സുകൃതക്ഷയത്തിന്റെ ലക്ഷണമൊ ത്ത പ്രതിനിധിയായിരുന്നു കരുണാ കരൻ. നെഹ്റുവിയൻ ലിബറലിസ ത്തിന്റെ അവസാനത്തെ തിരുശേ ഷിപ്പുകളും അവസാനിപ്പിച്ച അടിയ ന്തരാവസ്ഥക്കുശേഷമാണ് കരുണാ കരൻ ലീഡറായിസ്വയം പരിവർ ത്തനപ്പെടുന്നത്. ഭിന്നതകളും, യോ ജിപ്പുകളും ആരോഗ്യകരമായി പ്രക ടപ്പിക്കുവാനുള്ള വേദിയെന്ന നില യിൽനിന്നും രാഷ്ട്രീയ കക്ഷികൾ വ്യക്തികളെ ചുറ്റിപ്പറ്റിയുള്ള ഉപജാ പകസംഘങ്ങൾ മാത്രമായി മാറി യതും ഇക്കാലത്താണ്. നേതാവി നോടുള്ള വിധേയത്വം മാത്രം രാ ഷ്ട്രീയയോഗ്യതയായി മാറിയപ്പോൾ കൂട്ടായ ചർച്ചകളെന്ന നാട്യം പോലും കോൺഗ്രസ്സിൽ നിന്നും അപ്രത്യക്ഷമായി. ദേശീയതല ത്തിൽ ഇന്ദിരാഗാന്ധിയാണ് ഈ യൊരു മാറ്റത്തിന്റെ ചിഹ്നം. കേരള ത്തിൽ അത് കരുണാകരനായി രുന്നു. അധികാരദുർവിനിയോഗ വും, അഴിമതിയും മാത്രം കൊടി കുത്തിവാഴുന്ന വാഴുന്ന ഒരു മേഖ ലയായി മുഖ്യധാരാ രാഷ്ട്രീയം മാറി. ഈയൊരു മാറ്റത്തെ ആവോ ളം ആസ്വദിച്ച വ്യക്തിത്വമായിരുന്നു കരുണാകരന്റേത്. രാഷ്ട്രീയത്തിനു സംഭവിച്ച ഈ ധർമ്മക്ഷയത്തെപ്പറ്റി 1980-കളുടെ അവസാനം വരെ ഗൗ രവമായ ചില സന്ദേഹങ്ങളെങ്കിലും മുഖ്യധാരാസദസ്സുകളിൽ നിലനി ന്നിരുന്നു. 1990-കളിലെത്തുമ്പോ ഴേക്കും ഈ സന്ദേഹങ്ങൾ പോലും ഏതാണ്ട് അപ്രത്യ ക്ഷമായി. കരുണാകരനെപ്പോലെ യുള്ള വ്യക്തിത്വങ്ങൾ പുലർത്തിയ അധികാരപ്രമത്തതയും, തൻപ്രമാ ണിത്തവും കാര്യക്ഷമതയുടെയും, ഭരണപ്രാവീണ്യത്തിന്റെയും അട യാളങ്ങളായി പുനരാഖ്യാനം ചെയ്യ പ്പെടുന്ന സ്ഥിതിവിശേഷമാണ് 90-കൾക്കുശേഷം കാണാൻ കഴി യുന്നത്. ഇത്തരത്തിലുള്ള പുനരാ ഖ്യനങ്ങളുടെ മടുപ്പിക്കുന്ന ആവ ർത്തനം പതിതകാലങ്ങളുടെ മാത്രം പ്രത്യേകതയല്ലെന്നാണ് പ്രതീതി യാഥാർത്ഥ്യത്തിന്റെ കാലത്തെ മാധ്യമ ഉള്ളടക്കങ്ങൾ വെളിപ്പെടുത്തുന്നത്.

---

(1) റൊണാൾഡ് റീഗൻ — ട്രൂത്ത് ആന്റ് ഫിക്ഷൻ - അലക്സാണ്ടർ കൊബോൺ — കൗണ്ടർപഞ്ച് 2004 ജൂൺ